ധനകാര്യസ്ഥാപനങ്ങളിൽനിന്നും സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ലഭിച്ച സാമ്പത്തിക സഹായം

625 [192] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, കെ. പി. രാമൻ:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, എ. വി. അബ്ദുൾ റഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭിച്ചു;

(ബി) ഓരോ സ്ഥാപനത്തിൽനിന്നും ലഭിച്ച സഹായം എത്ര;

(സി) ഓരോ സ്ഥാപനത്തിനും ബോർഡ് നൽകേണ്ട പലിശ എത്രശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തികവർഷം കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന് ഹൗസിംഗ് ആൻറ് അർബൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ (ഹഡ്കോ), ഹൗസിംഗ് ഡെവലപ്പ്മെൻറ് ഫൈനാൻസ് കോർപ്പറേഷൻ (എച്ച്.ഡി.എഫ്.സി) കേരള സംസ്ഥാന സഹകരണ ബാങ്ക് എന്നീ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് സാമ്പത്തികസഹായം ലഭിച്ചിട്ടുണ്ട്.

(ബി) ഓരോ സ്ഥാപനത്തിൽനിന്നും ലഭിച്ച സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഹഡ്കോ	11,98,46,000 രൂപ
എച്ച്.ഡി.എഫ്.സി.	78,00,000 രൂപ
കേരള സംസ്ഥാന സഹകരണ ബാങ്ക്	99,00,000 രൂപ

(സി) ഹഡ്കോ—5 മുതൽ 13.5% വരെ
എച്ച്.ഡി.എഫ്.സി.—15%
കേരള സംസ്ഥാന സഹകരണബാങ്ക്—14%

പുതിയ വ്യവസായങ്ങൾക്ക് ലഭിച്ച ലറർ ഓഫ് ഇൻറൻറ്

626 [193] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ഇ. ഇസ്മയിൽ:
,, കെ. ടി. കുമാരൻ:
,, വി. കെ. രാജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ലറർ ഓഫ് ഇൻറൻറ് 1984–85, 1985–86 എന്നീ വർഷങ്ങളിൽ കേന്ദ്ര ഗവൺമെൻറിൽനിന്നും സംസ്ഥാന ഗവൺമെൻറിനോ വ്യവസായവികസന കോർപ്പറേഷനോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയ്ക്ക് ഓരോന്നിനും അപേക്ഷകൾ നൽകിയ തീയതികളും അനുവദിച്ച തീയതികളും വെളിപ്പെടുത്തുമോ;

(സി) ഇവ ലഭിച്ച് എത്ര കാലയളവിനുള്ളിൽ പ്രവർത്തനം ആരംഭിക്കണമെന്നാണ് കേന്ദ്ര നിർദ്ദേശം;

(ഡി) ലഭിച്ച ലാറർ ഓഫ് ഇൻറൻറ് ഏതെങ്കിലും റദ്ദായ് പ്പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം?

ഉത്തരം

(എ) പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് 1984–85–ൽ മൂന്നും 1985–86–ൽ എട്ടും ലാറർ ഓഫ് ഇൻറൻറുകൾ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങൾക്കുമായി കേന്ദ്ര ഗവൺമെൻറിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ബി) വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ലാറർ ഓഫ് ഇൻറൻറ് ലഭിച്ച് ഒരു വർഷത്തിനകം പ്രവർത്തനം ആരംഭിക്കണമെന്നാണ് കേന്ദ്രനിർദ്ദേശം. അപ്രകാരം കഴിയാതെവന്നാൽ ലാറർ ഓഫ് ഇൻറൻറിൻറെ കാലാവധി ദീർഘിപ്പിച്ചു തരാറുണ്ട്.

(ഡി) ഇല്ല.

റെയിൽവേ സ്ലീപ്പറുകൾ

627 [194] ശ്രീ. പന്തളം സുധാകരൻ:
,, ടി. എച്ച്. മുസ്തഫ:
,, കെ. രാഘവൻ മാസ്റ്റർ:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, രാഘവൻ പൊഴക്കടവിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റെയിൽവേ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ ഉപയോഗത്തിന് സംസ്ഥാനത്തുനിന്നും എത്ര റെയിൽവേ സ്ലീപ്പറുകൾ നൽകുന്നുണ്ട്;

(ബി) ഏതെല്ലാം റെയിഞ്ചുകളിൽ നിന്നാണ്;

(സി) സ്ലീപ്പറുകൾക്കുവേണ്ടിയുള്ള കൂപ്പുകൾ പ്രത്യേകം നിശ്ചയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) റെയിൽവേ ഉപയോഗത്തിന് നൽകിയിട്ടുള്ള റെയിൽവേ സ്ലീപ്പറുകളുടെ വിവരം ചുവടെ ചേർക്കുന്നു:

		കമ്മിറ്റ്മെൻറ്	നൽകിയത്
1.	ബി. ജി. ട്രാക്ക് സ്ലീപ്പേഴ്സ്	80,500	42,871
2.	സ്പെഷ്യൽ സൈസ്	4,551.	1,506

(ബി) ഇപ്പോൾ കല്ലാർ വാലി ഡിവിഷനിൽ നിന്നുമാത്രമാണ് കൊടുത്തുവരുന്നത്.

(സി) ഉണ്ട്.

† ലൈബ്രറിയിൽ മേശപ്പുറത്തു വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly